ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ



# തൂലിക



**ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

സൽമി നബീൽ

## സബ്-എഡിറ്റേഴ്സ്

ഷദ നജൗം
ആദിൽ സുബ്രഹ്മണ്യൻ
റിഫാൻ അഹമ്മദ്
മറിയം ജമീൽ
ഹിബ ബാസിമ കെ
റയ്യാൻ അത്തോളി
റിയ കെ കെ

# എഡിറ്റോറിയൽ

നൂതനസാങ്കേതിക വിദ്യകൾ
കയ്യടക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഞങ്ങളുടെ
സർഗ്ഗാത്മക രചനകളെ ഒരു ഡിജിറ്റൽ മാഗസിൻ
എന്ന രീതിയിലേക്ക് രൂപമായി ചെയ്യാനാണ്
ലിറ്റിൽ കൈറ്റ് അംഗങ്ങൾ തൂലികയിലൂടെ ശ്രമിച്ചത്.
ഒട്ടേറെ ന്യൂനതകൾ ഉണ്ടായിട്ടുണ്ടെന്ന് തിരിച്ചറിവിലും
ഒരു ശ്രമമെന്ന നിലയിലാണ് ഞങ്ങൾ ഇത്
തയ്യാറാക്കിയത്. ഞങ്ങളെ വായിക്കുന്ന അറിയുന്ന
നല്ല മനസ്സുകൾക്ക് മുന്നിൽ ഞങ്ങൾ ഇത്
സമർപ്പിക്കുന്നു

-സൽമി നബീൽ
(ചീഫ് എഡിറ്റർ)

# ആമുഖം

വിദ്യാർത്ഥികളിൽ അന്തർലീനമായ സിദ്ധിവിശേഷങ്ങളെ കണ്ടെത്തുവാനും പരിപോഷിപ്പിക്കുവാനും സാമൂഹ്യ സാഹചര്യങ്ങളിൽ സജീവമാവാനുമുള്ള കാലമാണിത്. വിജ്ഞാനകൗതികളായ കുഞ്ഞുമക്കൾക്ക് ചിറകുവിരിച്ചുയരാൻ കേരള വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയ പ്രത്യേക പദ്ധതിയാണ് ലിറ്റിൽ കൈറ്റ് . ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂൾ 2023 - 24 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റിന്റെ കീഴിൽ ഒരുക്കിയ ഡിജിറ്റൽ മാഗസിനാണ് "തൂലിക".

വിദ്യാർത്ഥികളുടെ സർഗാത്മകതയ്ക്ക് പ്രോത്സാഹനം നൽകുവാനും പുതിയ കാലത്തിന്റെ സാങ്കേതിക സാഹചര്യങ്ങളെ അതുവഴി ബന്ധിപ്പിക്കുവാനും അതോടൊപ്പം രണ്ട് മണ്ഡലങ്ങളിലും അവരെ പ്രാവീണ്യരാക്കുവാനുമുള്ള സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് പഠന പദ്ധതികളുടെ ഭാഗമായി ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ ഈയൊരു ഡിജിറ്റൽ മാഗസിൻ പിറവി കൊള്ളുന്നത്.

കലയുടെയും സാഹിത്യത്തിന്റെയും സാങ്കേതികതയുടെയും മേഖലകളിൽ തൽപരരായ വിദ്യാർത്ഥികളുടെ സംയോജിതമായ സംരംഭത്തിന്റെ സാഫല്യമാണിത് സ്വീകരിച്ചാലും.

ലിറ്റിൽ കൈറ്റ് മാസ്റ്റർ & മിസ്ട്രസ്

# BEST WISHES

*Today digital media plays a major role in our society. It can be both helpful and harmful depending on how an individual uses it.*

*I have great pleasure to know that the students of little kite,chennamangallur HSS bring out a new magazine "Thoolika". I congratulate all the editorial board members of the new digital magazine.*

*Mohammedali U P*
*Head master*

# ആശംസകൾ


"വാക്കിന്റെയും വരയുടെയും വിസ്മയം  വിടരുന്ന
'തൂലിക'യിൽ പ്രതീക്ഷയുടെ പുലരി ദൃശ്യമാണ്.
വായനയിലൂടെയും ചിന്തയിലൂടെയും അവ
 കൂടുതൽ പ്രകാശിക്കട്ടെ ! "

ബന്ന ചേന്ദമംഗല്ലൂർ

# ബാല്യം

മായാതെ ഇന്നും ഓർമ്മയുണ്ട്. ഒരു വേരു പോലും പൊട്ടാതെ ഇന്നും ഓർക്കുന്നുണ്ട്.എന്റേ ഗ്രാമവും ഓർമ്മകളും. പാടത്തെ ചെളിയിൽ വിടർന്ന പൂക്കളെ നോക്കികണ്ട ബാല്യം. ബാല്യം മറക്കാത്ത ഓർമകളാണ് സമ്മാനിച്ചത്. എന്റേ ഗ്രാമം എന്നും എനിക്ക് പ്രിയമേറിയ ബാല്യമാണ് സമ്മാനിച്ചത്. നെൽപാടവുമായി ബന്ധപ്പെട്ട ഓമ്മകൾ ഇന്നും എന്നെ ഏറെ ആകർഷിക്കാറുണ്ട്.

ബാല്യം മനസ്സിലേക്ക് തള്ളിക്കയറ്റിയ ഒത്തിരി ഓർമ്മകൾ ഉണ്ടെങ്കിലും പരന്നുകിടക്കുന്ന നെൽപാടത്തിന്റെ ഭംഗി ഒന്നുവേറെ തന്നെയാണ്. ഞങ്ങളുടെ ഗ്രാമം പച്ചയണിഞ്ഞ് നിൽക്കുന്നത് നെൽപാടത്തിന്റെ പച്ചയാണെന്ന് ഗ്രാമവാസികൾ പറയാറുണ്ട്. പച്ച പട്ടുടുത്ത സുന്ദരിയായ പാടം. ആ മനോഹാരിത ഇന്നും മായാതെ മനസ്സിൽ തങ്ങിനിൽക്കുന്നുണ്ട്. ഗ്രാമം എന്നും മനസ്സിൽ മധുരം നിറയ്ക്കുന്ന ഓർമ്മയാണ് ..........



# സ്നേഹ മഴ



നിറവാർന്ന വേദനയിൽ
നിന്നൊലി എനിക്ക് ജീവനേകി
കൊടും ചൂടിൽ ഇരുട്ടിൻ
ദീപമെന്ന പോലെ നീ വന്നു.....
ഹൃദയത്തിൻ പരാതികൾ
നിന്നിലേക്ക് കവർന്നു നീ....
ഓർമ്മകൾ മൂടുമ്പോൾ
തനിച്ചല്ലെന്ന മുന്നറിയിപ്പോടെ
എനിക്കൊപ്പം നിന്നു നീ....
അന്ത്യമെന്നോടടുക്കുമ്പോഴും
നീ അരികിൽ ഉണ്ടാകുമെന്ന
വിശ്വാസം എന്നെ പൊതിയുന്നു....

മഴയെന്ന് നിന്നെ വിളിക്കുമ്പോഴും
എന്നെപ്പോലറിയില്ലാർക്കും ആ വാക്കിൻ
യഥാർത്ഥ അർത്ഥം....!

-ആയിശ ഫർഹ

ചേന്ദമംഗല്ലൂർ എച്ച് എസ് എസ്







# നിറങ്ങൾ

നിലാവ് മായുകയായിരുന്നു. കാർമേഘത്തിന് പിറകിൽ ചന്ദ്രൻ എവിടെയോ ഒളിഞ്ഞിരുന്നു. കണ്ണീർ വറ്റാത്ത അവളുടെ കടുകാപ്പി കണ്ണുകൾ ആരെയോ അന്വേഷിക്കുന്നുണ്ടായിരുന്നു.

"കുറ്റപ്പെടുത്താൻ പാടില്ലായിരുന്നു. അവളുടെ സ്ഥാനത്ത് താനായിരുന്നെങ്കിലും ഇങ്ങനെയൊക്കെ ചെയ്തു പോകും." ആരോടെന്നില്ലാതെ അവൾ മന്ത്രിച്ചു. വീട്ടിലെ അവഗണനയയും സ്കൂളിൽ നിന്നുള്ള ദേഷ്യപ്പെടലും തന്റെ കൂട്ടുകാരിയുടെ ജീവിതത്തെ ഏറെയൊക്കെ മരണത്തിലേക്ക് തള്ളി വിട്ടിരുന്നു. എന്നാലും അവളുടെ കൂടെ താനുണ്ടായിരുന്നല്ലോ ചിരിയും തമാശയുമായി. എന്നാലും ഇന്ന് ആ നിമിഷത്തിൽ താനും അവളെ കുറ്റപ്പെടുത്തിയില്ലേ ?

കണ്ണുകൾ നിറഞ്ഞ് തുളുമ്പി. തുടുത്ത കവിളിലൂടെ കണ്ണുനീർ ചാലിട്ടൊഴുകി. ഗോവണിപ്പടികൾ നടന്നു കയറി. ഇരുണ്ട മുറിയിലെ കസേരയിൽ കൈകൾ കൂട്ടിപ്പിടിച്ച് അവൾ കരഞ്ഞു. " ഈശോയേ , അവൾക്കൊന്നും പറ്റിയേക്കല്ലേ ". ഉറക്കത്തിന്റെ മടിത്തട്ടിലേക്ക് ആരുമറിയാതെ അവൾ ഒഴുകിപ്പോയി. ജീവദുരന്തങ്ങൾ ഏതോ ബാല്യകാലസ്വപ്നമായി അവളുടെ മുമ്പിൽ അണിനിരന്നു.

രാവിലെത്തൊട്ടേ തന്റെ കൂട്ടുകാരി സങ്കടത്തിലായിരുന്നു. ഒരുപാട് ചോദിച്ചപ്പോൾ പറഞ്ഞു. " പെണ്ണായിപ്പോയതിന്റെ പരാജയം. കഴിഞ്ഞ പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ് എനിക്കല്ലേ ? എന്നിട്ടുമെന്തിനാ എന്നെയെല്ലാവരും നാശമായി കാണുന്നേ " ? സുഹൃത്തിന്റെ വാക്കുകൾ ഏതോ കിറുക്കായേ ഞാനന്ന് പരിഗണിച്ചുള്ളൂ. മലയാളം പിരീഡ് ഏതോ അഗാധമായ ചിന്തയിലായിരുന്നു അവൾ.

ടീച്ചറുടെ കണ്ണുകൾ. "എടീ പെണ്ണേ, നീയേത് ലോകത്താ ?" പെട്ടെന്നെന്ന പോലെ അവളുടെ ഉത്തരവും. "പെണ്ണിന്റെ ലോകത്ത്".തർക്കുത്തരം പറഞ്ഞെന്ന പേരിൽ അവളെ ക്ലാസിൽ നിന്ന് പുറത്താക്കി. പിരീഡ് കഴിഞ്ഞപ്പോൾ താനുമവളെ ഒരുപാട് കുറ്റപ്പെടുത്തി.

പിന്നീട് എന്താണ് സംഭവിച്ചത് ?

ആലോചിക്കാൻ പോലും പ്രയാസം. ഉച്ച കഴിഞ്ഞിട്ടും അവളെ കാണാഞ്ഞിട്ട് ഞാൻ ടീച്ചറോട് പറഞ്ഞിരുന്നു. ആരുമത് ശ്രദ്ധിച്ചില്ല. പിന്നെ എല്ലാവരെയും പോലെ ഞാനുമത് കണ്ടു. നാല് നില കെട്ടിടത്തിന് താഴെ ആരുമില്ലാത്ത പ്രദേശത്ത് ഒരു ശരീരം. അവളുടെ കറുത്ത മുടിയിഴകൾ മുഖത്തേക്ക് പറന്നു വീണു. നെറ്റിയിലെ ചന്ദനക്കുറി അപ്പോഴും മായാതെ നിന്നു. പിന്നെ ഒരു മൂകതയായിരുന്നു.

ആശുപത്രിയിലെത്തിച്ചപ്പോൾ മരിച്ചിട്ടില്ലെന്നറിഞ്ഞു. അപ്പോൾ മുതലുള്ള പ്രാർത്ഥനയാണ്. "അവൾക്കൊന്നും പറ്റിയേക്കല്ലേ ." അവളുടെ സ്ഥാനത്ത് താനായാലും ഇങ്ങനെ ചെയ്യില്ലേ ?

ഉറക്കത്തിലാണെങ്കിലും തന്റെ ചുണ്ടുകൾ വിറച്ചു. കണ്ണുകൾ തുറന്ന് ശബ്ദമുയരുന്ന ടിവിയിലേക്ക് നോക്കി. ഒരു വാർത്ത എഴുതപ്പെട്ടു. "കെട്ടിടത്തിൽ നിന്ന് വീണ് ചികിത്സയിലായിരുന്ന പത്താം ക്ലാസ് വിദ്യാർത്ഥിനി മരണമടഞ്ഞു."

# അമ്പാടി കണ്ണൻ

അമ്പാടി തന്നിലൊരുണ്ണിക്കിടാവയി
അൻപോടെ കണ്ണൻ വളരും കാലം
അന്നൊരു നാളുണ്ണിക്കണ്ണൻ പതുക്കവെ
അമ്മ മുറിയിൽ ചെന്നേവം ചൊല്ലി
താലോലമ്മ,പൈതൽ താലോലമ്മ  പൈതൽ
താലോലമ്മ,  പൈതൽ  താലോലമ്മ
"അമ്മേ എനിക്കിപ്പോൾ അമ്മിഞ്ഞ നൽകേണംമ്മെ
അല്ലെ ൽ ഉണ്ണാനയയ്കില്ല "
“അന്തിയായാലുണ്ണിക്കമ്മിഞ്ഞ നൽകീടാം
എൻ മകനേ പൊയി കളിച്ചു കൊൾക"
താലോലമ്മ  പൈതൽ താലോലമ്മെ പൈതൽ
താലോലമ്മ  പൈതൽ താലോലമ്മെ
അന്തിയാലമ്മെ എന്തൊരടയാളം
“അന്തിയലമ്മെ എന്തൊരടയാളം"
“അന്തിയായാലുണ്ണീ ക്രൂരിരുട്ട് "
താലോലമ്മ,പൈതൽ താലോലമ്മ  പൈതൽ
താലോലമ്മ,  പൈതൽ  താലോലമ്മെ...........



ചേന്ദമംഗല്ലൂർ എച്ച് എസ് എസ്





# പ്രഭാതം

വളരെ മനോഹരിയാണ് പ്രകൃതി. എത്ര വർണ്ണിച്ചാലും മതി വരാത്ത പ്രകൃതിസൗന്ദര്യത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ദൃശ്യമാണ് പ്രഭാതം.

സൂര്യൻ കിഴക്കൻ ചക്രവാളത്തിൽ ഉദിച്ചുയർന്ന് എങ്ങും പ്രകാശം നിറക്കുന്ന ആ നിമിഷം എനിക്ക് വളരെയധികം ഇഷ്ടമാണ്. ആകാശത്തിൽ രക്തവർണ്ണം ചാർത്തിയാണ് സൂർയൻ ആഗമിക്കുന്നത്.

പ്രഭാതമായിക്കഴിഞ്ഞാൽ പൂക്കളെല്ലാം ചിരിച്ച് കൊണ്ട് കണ്ണ് തുറക്കും. ഒപ്പം പക്ഷികളുടെയെല്ലാം മധുരമായ നാദവും കേൾക്കാൻ നല്ല രസമാണ്. പക്ഷികളെല്ലാം അവരുടെ നിദ്ര വിട്ട് വയലുകളിലേക്കും വരമ്പുകളിലേക്കും പാറി നടന്നു കൊണ്ട് പഴങ്ങൾ ശേഖരിക്കാൻ വന്നെത്തുന്നു.



ഓരോ ആളുകളും അവരുടെ ദിവസം സന്തോഷത്തോടെ പ്രതീക്ഷയോടെ ആരംഭിക്കുമ്പോൾ സൂര്യരശ്മികൾ ഭൂമിയൊന്നാകെ വെളിച്ചം വിതറി വിന്യസിക്കുന്നു.

പ്രഭാതത്തിൽ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് കുതിക്കുന്ന ഈ പ്രപഞ്ചം ഒരത്ഭുതമാണ് എന്നും.

ഏതൊരു മൃഗത്തിനും സ്വന്തം സമുദായത്തിലുള്ളവരുമായിട്ടുള്ള ഐക്യവും സ്നേഹവും വളരെ വലുതാണ്. എന്നാൽ മതത്തിന്റെ പേരിലും മറ്റു പലതുമായും മനുഷ്യർക്കിടയിൽ ഐക്യവും സ്നേഹവും കുറഞ്ഞു വരികയാണ്. ഏവർക്കുമിടയിൽ സ്നേഹവും വിശ്വാസവും ഉണ്ടാവണം. എന്നാലേ മാനവ ഐക്യം എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരായണ ഗുരുവിന്റെ വചനം ഏവർക്കുമൊരു പ്രചോദനമാകണം. നാനാമതങ്ങൾ നാനാദേശങ്ങളുമായി നമ്മുടെ ലോകത്തുണ്ട്. മതം മനുഷ്യന്റെ ജീവിതത്തിലെ ഒരു ഘടകം മാത്രമാണ്.

മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നാണല്ലോ. ഈ തത്വത്തെ ഏവരും എന്നും മനസിൽ കരുതേണം. ഈ ലക്ഷ്യം പൂർണ്ണമാകട്ടേ എന്ന് ആശംസിച്ചു കൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു. നന്ദി , നമസ്കാരം.

ദേവിക . പി

# THE DARK CHAMBERS

The dark chambers of my lonely heart,
was unleashed, and they tore it apart.
They told me they'd put the pieces where they belong
but they couldn't cause it would take too long.

The war of words, the life long quarrel
of self against self will resolve into nothing
less than the vain of berry-red coral.
Crying against the dead black of his clothing.

These will remain and these will go searching,
the night that you saw the mountains marching.
The promises you broke, is forever haunting
these memories and tragedies it is not what im wanting.

The dark chambers of my lonely heart
was unleashed and they tore it apart
they told me they'd put the pieces where they belong
but they couldn't cause it would take too long.

**Hana fathima**






Manha



# സൈബർ കുറ്റകൃത്യങ്ങൾ

സൈബർ യുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ലോകത്തെ മുഴുവൻ വിരൽത്തുമ്പിൽ ഒതുക്കിയ ഇൻ്റർനെറ്റിനെയും മൊബൈൽ ഫോണിൻ്റെയും വരവിനെ സൈബർ വിപ്ലവം എന്നാണ് വിശേഷിപ്പിക്കുന്നത്. സൈബർ ലോകം അതിരുകളില്ലാത്ത ലോകമൊണെങ്കിലും അതിലിടപെടുമ്പോൾ പാലിക്കേണ്ട ചിലനിയമങ്ങളുണ്ട്. ഇൻ്റർനെറ്റ് ഉപയോഗത്തിന് അതത് രാജ്യങ്ങൾ ചില നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.അതാണ് സൈബർ നിയമങ്ങൾ .

സൈബർ ലോകത്തെ കുറ്റകൃത്യങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ.കമ്പ്യൂട്ടറോ ഇൻ്റർനെറ്റോ ഉപയോഗിച്ച് മറ്റൊരാളുടെ സ്വത്തിനോ മാനത്തിനോ നഷ്ടം വരുത്തുന്നതും ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുന്നതുമാണ് സൈബർ കുറ്റകൃത്യങ്ങൾ. ഇവ രണ്ട് തരത്തിലുണ്ട്. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ.ഇൻടർനെറ്റ് തുടങ്ങിയവയെ ലക്ഷ്യംവെച്ചുള്ളതും കുറ്റകൃത്യങ്ങൾക്കുള്ള ഉപകരണങ്ങളായി ഉപയോകിക്കുന്നതുമാണിവ.

മറ്റൊരാളെ അപകീർത്തിപ്പെടുത്തുംവിധമുള്ളതോ അപമര്യാദയായുള്ളതോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കുക ,മറ്റുള്ളവരുടെ ഫോട്ടോകൾ വികൃതമാക്കി പരസ്യപ്പെടുത്തുക, കമ്പ്യൂട്ടറുപയോഗിച്ച് ഒരാളെക്കുറിച്ചുള്ള വിവരങ്ങളോ ,പ്രോഗ്രാമുകളോ ചോർത്തുക ,വ്യാജ രേഖകളുണ്ടാക്കുക,അശ്ലീലചിത്രങ്ങളുണ്ടാക്കുക, കമ്പ്യൂട്ടറുടെ പ്രവർത്തനം തകരാറിലാക്കുന്ന വൈറസ് മുതലായ പ്രോഗ്രാമുകളുണ്ടാക്കുക ,അവ വിതരണം ചെയ്യുക. ഭീകരപ്രവർത്തനങ്ങൾക്ക് ഇൻ്റർനെറ്റ് വഴി വിവരം ചോർത്തിയെടുക്കുക. കമ്പ്യൂട്ടർ ,മൊബൈൽ ഫോൺ മുതലായവ മോഷ്ടിച്ച് കൈവശം വെക്കുക തുടങ്ങിയവയെല്ലാം സൈബർ കുറ്റകൃത്യങ്ങൾ

# കാട്ടുപൂവ്

ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിൻെറയീ പുഞ്ചിരിയൊന്നുമാത്രം.
മഴവില്ലുപോലെനീ ....മനസ്സിൽതെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും....
കൃഷ്ണതുളസി കതിർത്തുമ്പു മോഹിക്കും
നിൻെറയീവാർമുടിച്ചുരുളിലെത്താൻ
പൂജക്കെടുക്കാത്ത പൂവായഞാനും
മോഹിച്ചിടുന്നു നിന്നരികിലെത്താൻ
മണമില്ല, മധുവില്ല പൂജക്കെടുക്കില്ല.
താനേ വളർന്നൊരു കാട്ടുപൂവാണുഞാൻ...
വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള
പൂജക്കെടുക്കാത്ത കാട്ടുപൂവാണുഞാൻ
ഇഷ്ടമാണെന്നു പൊല്ലുവാൻ വേണ്ടി
നിത്യവും നിൻമുമ്പിലെത്തിടുമ്പോൾ
നിൻെറ കൊലുസ്സിൻെറ നാദങ്ങളിൽ ഞാൻ
താനേ മറന്നൊന്നു നിന്നിടുന്നു.
ഒന്നും പറയാതെയറിയാതെ പോയിടുന്നു.
ഇനിയുള്ള കാലം കാത്തിരിക്കാൻ....
ഇനിയുള്ള കാലം കാത്തിരിക്കാൻ....

-Shabha

ചേന്ദമംഗല്ലൂർ എച്ച് എസ് എസ്



Bishrul Hafi Roll:
IX : A





# ജീവിതത്തിലെ ചിലമറക്കാൻ കഴിയാത്ത ഏടുകൾ

കഴിഞ്ഞുപ്പോയ കാലം എൻ്റെ മനസ്സിനെ പിടിച്ച് കുലുക്കും വിധം ദുഃഖങ്ങൾ നിറഞ്ഞതായിരുന്നു. ഇനിയുള്ള എൻ്റെ ജീവിതത്തിൽ ഈ നിമിഷങ്ങളെ ഞാൻ വെറുക്കുകയും അതുപോലെ തന്നെ ജീവിതത്തിൽ എൻ്റെ എണ്ണപ്പെട്ട ആയുസ്സിലുത്തേ വിലപ്പെട്ടതുമായി കാണുന്നു കൊറോണ തുടക്കത്തിൽ സ്ക്രൂൾ പൂട്ടിയപ്പോൾ വളരെ സന്തോഷകരമായിരുന്നു. ഞാനും എൻ്റെ അനിയത്തിയും അനിയനും ഉമ്മയും രാത്രി 10 മണിയാവാൻ നേരത്ത് വരുന്ന എൻ്റെ ഉപ്പമാത്രമല്ല എൻ്റെ താത്തയും കാക്കയും അവരെല്ലാം ഞങ്ങളുടെ വീട്ടിലേക്ക് വരുകയാണ്. എൻ്റെ വീട് കുറെ കാലങ്ങൾക്ക് ശേഷം ഒരു വീടായി മാറുകയാണ് സ്ക്രൂൾ വെക്കേഷൻ കഴിഞ്ഞാൽ എൻ്റെ വീട് വെറും ചുമരുകൾ നിറഞ്ഞ ഒരു കെട്ടിടം മാത്രമായിട്ടാണ് എനിക്ക് തോന്നിയത് എന്നാലിപ്പോൾ ഇനിയുള്ള ദിവസങ്ങളിൽ അങ്ങനെയല്ല ഉപ്പാക്കും





ഉമ്മാക്കുമായിരുന്നു അതിൽ ഏറ്റവും ക്രൂടുതൽ സന്തോഷം കാരണം അവർ ഇതുപ്പോലെ തൻ്റെ മക്കളെ ഒരുമിച്ച് കണ്ടിട്ട് മാസങ്ങളായിരിരുന്നു. തുടക്കത്തിൽ ലൂഡോ ഗെയിം യൂറ്റ്യൂബ് വീഡിയോയിലൂടെ ഉപ്പേ താ മുകളേതാ അറിയാത്തവർ വരെ പാചകം തുടങ്ങുന്ന വിദ്യയുടെ ട്രൻ്റിംഗ്ഗും എല്ലാം. ആദ്യത്തെ രണ്ട് മാസം വളരെ രസകരമായിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ കൊറോണ കേസുകളുടെ എണ്ണം ക്രൂടാൻ തുടങ്ങി കൊറോണയുടെ ദിനംപ്രതി ക്രൂടി വന്നു. ഞങ്ങളുടെ അടുത്ത വ ീടുകളിൽ എല്ലാം കൊറോണ ബാധിച്ചവരായി ഞങ്ങളുടെ അടുത്ത വീടുകളിലെല്ലാം കൊറോണ ബാധിച്ചവരായി ഞങ്ങളുടെ വീടിന് ചുറ്റും അക്ഷമയായി മാറാൻ തുടങ്ങി. അങ്ങനെയിരിക്കെ ഉപ്പയുടെ ക്രൂടെ ജോലി ചെയ്യു ഉദ്യോഗസ്ഥൻ കൊറോണ ഉപ്പയോട് ക്വാറൻ്റെനിൽ

പോകാൻ നിർദ്ദേശം വന്നു. ഇതുക്കൂടെയായപ്പോൾ ഞങ്ങൾക്ക് ടെൻഷൻ കൂടി . ഉപ്പയ്ക്ക് കൊറോണ പോസിറ്റീവായി പക്ഷെ പ്രയാസമില്ലാതെ ഉപ്പയുടെ ക്വാറൻ്റൈൻ കഴിഞ്ഞു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞതിന് ശേഷം 2 വയസ്സുള്ള എൻ്റെ അനിയന് പനിയും ചുമയും തുടങ്ങി കൊറോണന്ന് ആരും കരുതിയില്ല. പക്ഷെ പനിയും ഛർദ്ദിയും കൂടി വന്നപ്പോൾ കൊറോണ ടെസ്റ്റ് നടത്തി. ഞങ്ങളുടെ പ്രാർത്ഥന വിഫലമായി ടെസ്റ്റ് പോസിറ്റീവ്. പിന്നീടുള്ള ദിവസങ്ങൾ വളരെ ഭയാനകരമായ ദിവസങ്ങളായിരുന്നു. എൻ്റെ കുഞ്ഞനിയനെ അവൻ്റെ പ്രിയപ്പെട്ടവരിൽ നിന്നും മാറ്റി നിർത്തിയ ദിവസങ്ങൾ ആ ദിവസങ്ങൾ ഞങ്ങളുടെ ഹൃദയം കീറി പറിക്കുന്ന നാളുകളായിരുന്നു. അനിയൻ എൻ്റെ ജീവിതത്തിൽ എത്ര പ്രിയപ്പെട്ടതാണെന്ന് മനസ്സിലാക്കിയ നാളുകൾ അനിയൻ്റെ കൊറോണ ഇന്നോ നാളെയോ മാറും എന്ന് പ്രതീക്ഷിച്ചിരുന്ന ഞങ്ങൾക്ക് തെറ്റി. അവൻ്റെ മുമ്പിലെ രണ്ട് പല്ല് മാത്രം കാണിച്ചു കൊണ്ടുള്ള ചിരിയും പിച്ചവെച്ച് നടക്കുന്ന ഓരോ ചിത്രങ്ങളും ഞങ്ങളുടെ മനസ്സിൽ ഓർമ്മ മാത്രമായി തന്ന് ഞങ്ങളോട് അവൻ യാത്ര പറഞ്ഞു. അവൻ്റെ ബോഡി കൊണ്ട് വന്നപ്പോൾ വാരിയെടുത്ത് തുരുതുരഉമ്മ വെയ്ക്കാൻ ഞങ്ങൾക്ക് വെമ്പി. പക്ഷെ ഒന്ന് തൊടാൻ പോലും കഴിഞ്ഞില്ല കണ്ണിലെ കണ്ണുനീർ വറ്റിയ നിമിഷമായിരുന്നു അത്. ആഗ്രഹിച്ച് മോഹിച്ചു കിട്ടിയ അവൻ എൻ്റെ മുമ്പിൽ കണ്ണ് മൂടി കിടക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല എന്നാൽ അവൻ്റെ മുഖത്ത് എവിടെയോ ഒരു കള്ളചിരി ഒളിച്ച് നിൽക്കുന്നതുപോലെ എനിക്ക് അപ്പോൾ തോന്നി.


ഹന്ന് ഒമർ

ചേന്ദമംഗല്ലൂർ എച്ച് എസ് എസ്





Manha Na






HOT!



# മഴയുടെ സംഗീതം


ജനിപ്പുഞാൻ  കാർമേഘത്തിൻ ഉദരത്തിൻ
ജനിച്ചുവീഴുകയാൽ കാൺമുഞാൻ
പ്രകൃതി തൻ മനോഹാരിത
മരിപ്പു ഞാൻ ജലാശയത്തിൽ.....

പുനർജനിപ്പു ഞാൻ വീണ്ടും
നീരാവിയായ് എൻ മാതാവാം താപത്തിൽ
ജനിക്ക ഞാൻ മരിപ്പെൻടെ മാതാ
വാനവും ഭൂമിയും തൻ പ്രണയത്തിൻ
ബന്ധമായി മാറുന്നു ഞാൻ......



-ANUSHA KRISHNA K




Avani




# MY STORIES BEGIN AS LETTERS.


My pen is my wonderland.
World waters in my hand.
In my pen is wonder ink.
Stories sing, stories sink.

My stories loop, my stories stop.
My pen is my wonder mop.
Drink letters, drink my ink.
My pen is blind, my stories blink.

-Riza Rasheed E

ചേന്ദമംഗല്ലൂർ എച്ച് എസ് എസ്




Manha Nazmin.k



# പ്രകൃതിയിലൂടെ

ഓരണിപ്പുല്ലിൽ കിളഞ്ഞാടിയാടി
കാർവണ്ടു ദ്ദൂരേക് നീങ്ങി മറയുന്നു.
താഴേക്കു താഴേക് നീ തന്ന സ്വപ്നം
തഴ്മയൊടണയുന്നു നിലമറ്റിയാലും

കറ്റിന്റെ ഓളങ്ങൾ ഓമനിച്ചോരെ
നിത്യത്തത്തിലലിയുന്നു പൂവാടിയിലാകെ
മദ്ദുവ്യൂറും ആശംംഖു നീർത്തുള്ളി-
യാർജ്ജിച്ചു മനതാരിലാ ശംംഖു നീരുറവ സ്ഥാപിച്ചു.

തണലിനു മീതെയാണാമര ഞ്ഞാടികയിൽ
അണയാത്ത പുല്ലിൻ മാധുര്യമുണ്ട്
അരികിലായ് നുകരുവാൻ കഴിയാത്ത-
സ്വപ്നങ്ങൾ അണയത്ത മണ്ണിൻ-
തരികളാണ്

നീല വനിലെ മാമലച്ചോട്ടിലെ തിങ്കൾ
താരമോടൊഴുക്കുന്നു വിണ്ണിലേക്
വിണ്ണിലും മണ്ണിലും മാനവ മനസ്സിലും
ആത്മമാം വിഷാദം വിശ്യമായ് നിലനിർത്തുന്നു



ആതിര






Manhanazmin.k

# RAIN

The clouds are shredding tears of joy
they fall with rhythmic beat,
upon the earth and soon destroy
dust dunes and caves of heat.

Shrouding in black the sun at noon
wrapping a pall about the moon.
a song of happiness with a refrain
with you beside me and outside the rain.

The hills are smothered in a fog
the sky is sombre-grey
the rain is coming in a mist
A cheerless rainy day.

The raindrop, its soft and tiny feet
keep up a pleasant patterning
Along the dusty street.

- REEMA



# പെയ്തൊഴിയാതെ . . .
# മലർനിലാവ് . . .

നസ് ല ഷെറിൻ പി

പെയ്തൊഴിയാതെ അങ്കണത്തൈമാവിൻ-
മീതെ നക്ഷത്രത്തുള്ളികൾ അടർത്തും കാലവർഷമേ . . .
നിൻ സൗരഭ്യം കണ്ടുനിൽക്കുവാൻ
എത്രമാത്രം കൊതിച്ചൂ . . . ഞാൻ . . .
ഇന്നു നീ പൊഴിക്കുന്ന കണ്ണീർത്തുള്ളിയെ
ഞാനെൻറെ മനസ്സിൽ എന്നേ ഓമനയാക്കി . . .

ഞാനെന്നും കൊതിക്കുന്ന നിൻറെയീ
ശബ്ദം ഞാൻ എന്നുമെന്നും കേൾക്കാൻ
മധുരിമയായ് കാത്തിരിപ്പൂ . . .
നിൻറെയീ മഴത്തുള്ളികൾ എന്നുമെന്നും
എൻറെ ഹൃദയച്ചെപ്പിൻ താളമാവുന്നു . . .

ഇങ്ങനെയെന്നും തുടർച്ചയായ് എൻറെ
നിലാസ്വപ്നത്തിൽ നീയെത്തുമ്പോൾ
ഞാനെന്ന വസ്തുവിനെ നീയെന്ന രത്നം
ഏതോ നെടുമ്പാർന്ന താഴ്വരയിലേക്കെത്തിക്കുന്നു . . .

നിൻറെയീ പെയ്തൊഴിയാതെയുള്ള
മഴ എൻ മനസ്സിൽ ഒരു കിടാവിൻറെ
വേപഥുവാർന്ന മുഖത്തെ ഓർമ്മിപ്പിക്കുന്നു . . .
എൻറെ മയക്കത്തിൽ എന്നും വാങ്മയമായ്-
വരുന്ന നീ എന്നെ വിട്ട് പോവും നാൾ
എനിക്ക് എന്നും തീരാസങ്കടമായിരിക്കും . . .

നീയെന്ന ആ ആത്മബന്ധം
മുറിയുമ്പോൾ ഞാൻ ആരോരുമില്ലാത്ത
ഒരു ചിരഞ്ജീവിയായ് മാറുന്നു . . .
നീ നൽകുന്ന തുള്ളികൾ ഞാൻ
എന്നും മനസ്സിൽ സൂക്ഷിച്ചുവെക്കുന്നു . . .

നിൻറെ ആ മിഴിവാർന്ന മുഖം കാണുമ്പോൾ
എൻ മനം എന്തുകൊണ്ടോ കോരിത്തരിക്കുന്നു . . .
ഇങ്ങനെയെൻറെ മനസ്സിലെ പൂന്തോപ്പായ്
മാറിയ നിന്നെ ഞാൻ ഈ ജന്മത്തിൽ
മറക്കാൻ കഴിയില്ല എന്ന് സത്യമാണേ . . .

# നന്ദി